**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 388** **09-08-2021 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജല അതോറിറ്റി അടക്കമുള്ള വകുപ്പുകൾ അറ്റകുറ്റപ്പണികൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കുന്ന സാഹചര്യത്തിൽ റോഡ് നിർമ്മാണത്തിന് മുമ്പുതന്നെ പൈപ്പ് ലൈനുകളും വൈദ്യുതി കേബിളുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ജലഅതോറിറ്റി അടക്കമുള്ള വകുപ്പുകൾ അറ്റകുറ്റപണികൾക്കായി പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്ന സാഹചര്യത്തിൽ റോഡ് നിർമ്മാണത്തിന് മുമ്പ് തന്നെ പൈപ്പ് ലൈനുകളും വൈദ്യുതി കേബിളുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് 05.01.2018 തീയതിയിലെ സ.ഉ(സാധാ)നം.30/2018/പൊ.മ.വ, 24.08.2018 തീയതിയിലെ ജി.ഒ. (ആർ.ടി) നം.1321/2018/ പൊ.മ.വ. എന്നിവപ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിൽ കെ.എസ്. ഇ. ബി., കെ. ഡബ്യൂ. എ. അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കുഴിക്കുന്നതിനുള്ള അനുമതികൾ എല്ലാംതന്നെ റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് നൽകി വരുന്നത്. ഈ പോർട്ടലിൽ നിരത്ത്വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുക വഴി മറ്റു വകുപ്പുകൾക്ക് അവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ 03.07.2021 -ലെ ചീഫ് സെക്രട്ടറിയുടെ സർക്കുലർ നം. എച്ച്1/81/2021-പൊ.മ.വ പ്രകാരം കെ.എസ്.ഇ.ബി, വാട്ടർഅതോറിറ്റി എന്നിവയുടെ പ്രവൃത്തികളും, RoW പോർട്ടലിൽ, പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം |

| | | | |
|---|---|---|---|
| | | | സാധ്യമാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് തന്നെ മറ്റു വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപിച്ച് പൂർത്തിയാക്കുക വഴി നിർമ്മാണം പൂർത്തീകരിച്ച റോഡുകൾ തുടർന്ന് മറ്റ് ഏജൻസികൾ കുഴിക്കുന്നത് ഒഴിവാക്കാൻ സാധിക്കുന്നതാണ്. ദേശീയപാത വിഭാഗത്തിന്റെ കീഴിൽ വരുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പായി സംയുക്തമായി സ്ഥല സന്ദർശനം നടത്തി പദ്ധതി പ്രദേശത്ത് നിർമ്മാണത്തിന് തടസ്സമായി വരുന്ന കേബിളുകളും പൈപ്പ് ലൈനും പോസ്റ്റും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ ഭൂമി കുഴിക്കൽ പോലുള്ള പ്രവൃത്തികൾ ചെയ്യുമ്പോൾ സേവനദാതാക്കളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. |
| (ബി) | നിർമ്മാണ പ്രവർത്തനത്തിലെ ആസൂത്രണ പിഴവുകളും നടത്തിപ്പിലെ പോരായ്മകളും മൂലം പല പൊതുമരാമത്ത് പദ്ധതികളുടെയും നിർവ്വഹണത്തിൽ കാലതാമസവും അധിക ചെലവും ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ബന്ധപെട്ട എഞ്ചിനീയർമാരുടേയും ഓവർസീയർമാരുടേയും നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നത്. പ്രവൃത്തികൾ കരാർ വ്യവസ്ഥകൾ പ്രകാരം ഗുണനിലവാരം ഉറപ്പാക്കി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഉന്നത ഉദ്യോഗസ്ഥർ പ്രധാന പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിക്കുകയും മേൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നുണ്ട്. എന്നാൽ റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിലുള്ള തടസ്സം, സ്ഥലമേറ്റെടുപ്പിനുള്ള തടസ്സങ്ങൾ യഥാസമയം തീർക്കാൻ കഴിയാത്തത്, പ്രതികൂല കാലാവസ്ഥ, കോടതി വ്യവഹാരങ്ങൾ, നിലവിലുള്ള കോവിഡ് മഹാമാരിയെ തുടർന്ന് നിലനിൽക്കുന്ന പ്രതിസന്ധികൾ എന്നിവ പ്രവൃത്തികളുടെ പുരോഗതിയെ ബാധിക്കാറുണ്ട്. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ വിവിധ തലങ്ങളിൽ അവലോകനയോഗം നടത്തുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തടസ്സങ്ങൾ ദൂരീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. പ്രവൃത്തികളിൽ കാലതാമസം വരുത്തുന്ന കരാറുകാർക്കെതിരെ എസ്.ബി.ഡി, പൊതുമരാമത്ത് വകുപ്പ് മാന്വൽ എന്നിവ നിഷ്കർഷിച്ച പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പ്രൈസ് സോഫ്റ്റ് വെയർ മുഖേനയാണ് എസ്റ്റിമേറ്റ്, ഇ -മെഷർമെന്റ് ബുക്ക്, ബില്ല്, റിവൈസ്ഡ് എസ്റ്റിമേറ്റ് തുടങ്ങിയവ തയ്യാറാക്കി അംഗീകരിക്കുന്നത്. ഇതുവഴി |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് സുതാര്യത ഉറപ്പ് വരുത്തുന്നതിനും, നിരീക്ഷണം കാര്യക്ഷമമാക്കുന്നതിനും, പദ്ധതികൾ സമയബന്ധിതമായി ആസൂത്രണം ചെയ്ത് പൂർത്തിയാക്കുവാനും സാധിക്കുന്നതാണ്. പ്രവൃത്തിയുടെ എല്ലാ ഘട്ടങ്ങളും ബന്ധപെട്ട ഉദ്യാഗസ്ഥരുടെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലുമാണ് നടപ്പിലാക്കിവരുന്നത്. |
| (സി) | റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങിയവയുമായുള്ള ഏകോപനത്തിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | റവന്യൂ വകുപ്പ് , തദ്ദേശസ്വയംഭരണ വകുപ്പ്, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി തുടങ്ങിയവയുമായുള്ള ഏകോപനത്തിനായി പ്രത്യക സമിതി രൂപീകരിച്ചിട്ടില്ല. റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥലമേറ്റെടുപ്പ്, യൂട്ടിലിറ്റി മാറ്റി സ്ഥാപിക്കൽ എന്നിവ മൂലമുണ്ടാകുന്ന തടസ്സങ്ങൾ യഥാസമയം ബന്ധപ്പെട്ട വകുപ്പുകളെ ഉൾപെടുത്തി ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ അവലോകനയോഗം നടത്തി പരിഹരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ